

**എ. കെ. ശശീന്ദ്രൻ**
(എൻ.സി.പി. – എലത്തൂർ)

**വനം-വന്യജീവി വകുപ്പ് മന്ത്രി**

ശ്രീ. എ. കുഞ്ഞമ്പുവിന്റെയും ശ്രീമതി എം. കെ. ജാനകിയുടെയും മകനായി 1946 ജനുവരി 29–ാം തീയതി കണ്ണൂർ ജില്ലയിൽ ജനിച്ചു; ഡി.എ.എം. (കോഴ്സ് പൂർത്തിയാക്കി); സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകൻ.

**വഹിച്ച സ്ഥാനങ്ങൾ**

കെ.എസ്.യു.: കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിഡന്റ് (1963–1966), ജനറൽ സെക്രട്ടറി (1967–1969).

കേരളാ പ്രദേശ് യൂത്ത് കോൺഗ്രസ് കമ്മിറ്റി: ജനറൽ സെക്രട്ടറി (1969–1977), വൈസ് പ്രസിഡന്റ് (1978), പ്രസിഡന്റ് (1978–1980).

കോൺഗ്രസ്(യു), കോൺഗ്രസ്(എസ്) എന്നിവയുടെ ജനറൽ സെക്രട്ടറി.

എൻ.സി.പി.: സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന വൈസ് പ്രസിഡന്റ്, ദേശീയ സമിതി അംഗം, പ്രവർത്തക സമിതി അംഗം, പാർലമെന്ററി പാർട്ടി നേതാവ്.

കോഫീ ബോർഡ് (1978–1980), ഐ.എസ്.സി.യു.എസ്. (1977–1981), കേരള സാക്ഷരതാ സമിതി ഗവേർണിംഗ് ബോഡി (1987–1991 & 1992–1997), കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (1997–2001) എന്നിവയിൽ അംഗം.

കണ്ണൂർ ജവഹർലാൽ നെഹ്റു പബ്ലിക് ലൈബ്രറി & റിസർച്ച് സെന്റർ വൈസ് പ്രസിഡന്റ്, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഉപദേശക സമിതി അംഗം, കേരള നിയമസഭയുടെ ലൈബ്രറി ഉപദേശക സമിതി ചെയർമാൻ.

ഗതാഗത വകുപ്പ് മന്ത്രി [(25.05.2016 - 27.03.2017) & (01.02.2018 - 03.05.2021)].

പെരിങ്ങളം നിയോജകമണ്ഡലത്തിൽ നിന്നും 1980-ൽ 6-ാം കേരള നിയമസഭയിലേക്കും എടക്കാട് നിയോജകമണ്ഡലത്തിൽ നിന്നും 1982-ൽ 7-ാം കേരള നിയമസഭയിലേക്കും ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും 2006-ൽ 12-ാം കേരള നിയമസഭയിലേക്കും എലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും 2011, 2016 എന്നീ വർഷങ്ങളിൽ യഥാക്രമം 13, 14 കേരള നിയമസഭകളിലേക്കും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| അറിയാവുന്ന ഭാഷകൾ | : | മലയാളം, ഇംഗ്ലീഷ് |
| ഭാര്യ | : | ശ്രീമതി അനിതാകൃഷ്ണൻ എൻ. റ്റി. |
| കുട്ടികൾ | : | ശ്രീ. വരുൺ ശശീന്ദ്രൻ |
| സന്ദർശിച്ച വിദേശ രാജ്യങ്ങൾ | : | യു.എ.ഇ., മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങൾ, മലേഷ്യ, സിംഗപ്പൂർ, ശ്രീലങ്ക, യു.കെ., ജപ്പാൻ, ദക്ഷിണ കൊറിയ. |
| ശീലങ്ങൾ | : | വായന, യാത്ര |
| വിനോദം | : | ഫുട്ബോൾ കളി കാണുന്നത് |
| സ്ഥിരമേൽവിലാസം | : | 'വർഷ', ചൊവ്വ പി.ഒ., കണ്ണൂർ-670 006. |
| ഇ-മെയിൽ | : | aksaseendran@gmail.com<br>min.for@kerala.gov.in |

**ടെലിഫോൺ നമ്പർ**

| | | |
|---|---|---|
| താമസ സ്ഥലം | : | 0497-2726156 |
| ഓഫീസ് | : | 0471-2332021<br>0471-2518175 |
| മൊബൈൽ | : | 94959 69787 |

**തെരഞ്ഞെടുപ്പ് ഫലം**

| | | |
|---|---|---|
| സമ്മതിദായകർ | : | 2,04,036 |
| വോട്ടു ചെയ്തവർ | : | 1,64,350 |
| ശ്രീ. എ. കെ. ശശീന്ദ്രൻ (എൻ.സി.പി.) | : | 83,639 |
| ശ്രീ. സുൽഫിക്കർ മയൂരി (സ്വതന്ത്രൻ) | : | 45,137 |
| ശ്രീ. ടി. പി. ജയചന്ദ്രൻ മാസ്റ്റർ (ബി.ജെ.പി.) | : | 32,010 |